# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/1049/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/07/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/1049/2022 തീയ്യതി: 16/07/2022

## കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2022 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ,അഫ്സൽ.ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി ടി അഗസ്റ്റിൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| മെഴ്സി പുളിക്കാട്ട് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| അബ്ദുൽ ബഷീർ പി കെ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| മനോജ്.ടി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-06-2020 | 14-06-2020 |
| ഗിരീഷ് എം | സെക്രട്ടറി | 15-06-2020 | 05-02-2021 |
| ബിബിൻ ജോസഫ് | സെക്രട്ടറി | 15-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ് ടി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| രമ്യ എൻ കെ | അസി.എഞ്ചിനീയർ | 01-04-2020 | 06-08-2020 |
| അഷ്റഫ് കല്ലടയിൽ | അസി.എഞ്ചിനീയർ | 07-08-2020 | 31-03-2021 |
| രാജശ്രീ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| റെജി മോൾ ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ രജിത ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ ധന്യ ജോസ് | വെറ്ററിനറി സർജൻ(ഇൻ ചാർജ്) | 01-07-2020 | 23-09-2020 |
| ഡോ ലിറ്റി മാത്യൂ | വെറ്ററിനറി സർജൻ | 24-09-2020 | 31-03-2021 |
| ഉദയ കെ ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ സിൽവിയ വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 06-06-2020 |
| ഡോ നിഖില കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 08-06-2020 | 21-01-2021 |
| ഡോ അബ്ദുൽ ജലീൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 22-01-2021 | 31-03-2021 |
| ഡോ ഗോകുലൻ കെ എം | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2020 | 31-03-2021 |
| ഡോ മുബഷിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| സലീം എം | ഹെഡ്മാസ്റ്റർ | 01-04-2020 | 17-06-2020 |

| | | | |
|---|---|---|---|
| അഹമ്മദ് ഷാഫി | ഹെഡ്മാസ്റ്റർ(അഡി.ചാർജ്) | 18-06-2020 | 31-03-2021 |
| റുബീന പി വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| സബീഷ് എൻ പി | വി.ഇ.ഒ | 01-04-2020 | 07-04-2020 |
| അബിന.പി.വി | വി.ഇ.ഒ | 08-04-2020 | 29-10-2020 |
| റൈഷ സി എം | വി.ഇ.ഒ | 30-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 14-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-8 |
| 11 | പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-9 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-10 |
| 13 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-11 |
| 14 | ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഡാറ്റയും, നിരക്കും - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-12 |
| 15 | ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-13 |
| 16 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-14 |

| | | |
|---|---|---|
| | Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | |
| 17 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ നടപ്പാക്കുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-15 |
| 18 | എസ്റ്റിമേറ്റുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-16 |
| 19 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് - ചെലവ് വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-17 |
| 20 | പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-18 |
| 21 | സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതെ അഭിഭാഷകർക്ക് ഫീസ് നൽകുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-19 |
| 22 | പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-20 |
| 23 | ദുരന്തനിവാരണ - സന്നദ്ധ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-21 |
| 24 | പഞ്ചായത്തിലെ സർവർ കംപ്യൂട്ടർ, കംപ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ - എ.എം.സി പുതുക്കൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-22 |
| 25 | വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-23 |
| 26 | എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-24 |
| 27 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-25 |
| 28 | ഗാർഹിക മാലിന്യ സംസ്കരണം - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-26 |
| 29 | സ്നേഹസ്പർശം പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-27 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 1-28 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 3-1 |
| 2 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 3-2 |
| 3 | പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 27-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 27-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 27-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 15-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 ലെ ബജറ്റ് 24-03-2020 ലെ 02/2020 നമ്പർ തീരുമാന പ്രകാരവും 2020-21 ലെ പുതുക്കിയ ബജറ്റ് 22-02-2021 ലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| 110-നികുതി വരവുകൾ | 10200000 | 8371324 |
| 130-വാടക വരവുകൾ | 750000 | 427079 |
| 150-സെയിൽ & ഹയർ ചാർജസ് | 517000 | 286400 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഹെഡ് | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|
| 1 | 230 | 1695000 | 2551553 |
| 1 | 250 | 9830330 | 13066707 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്. ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് ILGMS ൽ തയാറാക്കിയ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 19-11-2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് പ്രകാരം 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 31-07-2021 ന് മുമ്പായി ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. സമർപ്പിച്ച വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. 1-4-2020 മുതൽ 26-10-2020 വരെ സാംഖ്യയിലും 27-10-2020 മുതൽ 31-3-2021 വരെ ILGMS ലുമാണ് ഗ്രാമ പഞ്ചായത്തിൽ ഇടപാടുകളുടെ അക്കൗണ്ടിംഗ് നടത്തിയത്.

1) ഓപ്പണിങ് ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

ILGMS ആരംഭിച്ചതിന് തൊട്ട് മുമ്പുള്ള സമയം വരെ സാംഖ്യയിൽ നിന്നും ലഭ്യമായ Closing Balance Sheet, Income & Expenditure Statement, Receipt & Payment Statement എന്നിവയും ILGMS ആരംഭിച്ച സമയത്തെ മേൽ പത്രികകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാഹരണം

Balance Sheet

| ക്രമ നം. | കോഡ് | ഷെഡ്യൂൾ | സാംഖ്യ പ്രകാരം (Closing Balance Sheet) | ILGMS പ്രകാരം (Opening Balance Sheet) |
|---|---|---|---|---|
| 1 | 310000000 | B1 | 15002501 | 16048924 |
| 2 | 350000000 | B9 | 822869 | 827501 |
| 3 | 410000000 | B11 | 61672417 | 61438416 |
| 4 | 431000000 | B15 | -1589727 | -1549493 |
| 5 | 450000000 | B17 | 29489186 | 30008170 |

Income & Expenditure Statement

| ക്രമ നം. | ഇനം | സാംഖ്യ പ്രകാരം | ILGMS പ്രകാരം | റിമാർക്സ് |
|---|---|---|---|---|
| 1 | Total Income | 35108087 | 35108087 | പൊരുത്തപ്പെടുന്നു |
| 2 | Total Expenditure | 30141355 | 30165355 | പൊരുത്തപ്പെടുന്നില്ല |

Receipt & Payment Statement

Receipt ഭാഗത്ത് താഴെ പറയുന്ന ഇനങ്ങൾ തമ്മിൽ പെരുത്തപ്പെടുന്നില്ല.

| ക്രമ നം. | കോഡ് | സാംഖ്യ പ്രകാരം | ILGMS പ്രകാരം |
|---|---|---|---|
| 1 | 320000000 | 3151192 | 3145191 |
| 2 | 35000000 | 201151 | 207152 |

Payment ഭാഗത്ത് താഴെ പറയുന്ന ഇനങ്ങൾ തമ്മിൽ പെരുത്തപ്പെടുന്നില്ല.

| ക്രമ നം. | കോഡ് | സാംഖ്യ പ്രകാരം | ILGMS പ്രകാരം |
|---|---|---|---|
| 1 | 210000000 | 2473411 | 2368171 |
| 2 | 250000000 | 2204863 | 4871243 |
| 3 | 251000000 | 6895754 | 5058129 |
| 4 | 252000000 | 634093 | 9897498 |
| 5 | 254000000 | 371000 | 1986573 |

2) Receipt & Payment Statement - അടിസ്ഥാന അക്കൗണ്ടിംഗ് തത്ത്വങ്ങൾ പാലിക്കുന്നില്ല.

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിനു വേണ്ടി തയാറാക്കിയ സ്റ്റേറ്റ്മെന്റിലെ വരവ് ചെലവു ഭാഗങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് താഴെ കാണിച്ച പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| വരവ് ഭാഗം ആകെ തുക | 129236179 | ഇവ പൊരുത്തപ്പെടുന്നില്ല. 4,28,613/- രൂപയുടെ വ്യത്യാസം ഉണ്ട്. |
| ചെലവ് ഭാഗം ആകെ തുക | 129664792 | |

3) ധനകാര്യ പ ത്രികയിൽ തിരുത്തലുകൾ.

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ Hard Copy 19-11-2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ 2020-21 ലെ ധനകാര്യ പത്രിക ILGMS ലോഗിനിലൂടെ പരിശോധിച്ചു. ഓഡിറ്റിന് സമർപ്പിച്ചിച്ച 2020-21 ലെ വർഷത്തെ ധനകാര്യ പത്രികയുടെ Hard Copy യും ILGMS ലെ ധനകാര്യ പത്രികയും തമ്മിൽ താരതമ്യം ചെയ്തപ്പോൾ ഇവ തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നതായി കണ്ടെത്തി. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

Receipt& Payment Statement

| | വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന് ഹാജറാക്കിയ Hard Copy പ്രകാരം | ILGMS ലോഗിനിൽ പരിശോധിച്ചത് പ്രകാരം | റിമാർക്സ് |
|---|---|---|---|
| വരവ് ഭാഗം ആകെ തുക | 129236179 | 128797218 | വരവ് ചെലവു ഭാഗങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| ചെലവ് ഭാഗം ആകെ തുക | 129664792 | 129225831 | |

സാമ്പത്തിക വർഷം അവസാനിച്ച് വാർഷിക കണക്കുകൾ തയാറാക്കി, ആയത് ഓഡിറ്റിന് സമർപ്പിച്ച ശേഷം തിരുത്തലുകൾ വരുത്തുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചത്. വാർഷിക കണക്കുകൾ തയാറാക്കി, ആയത് ഓഡിറ്റിന് സമർപ്പിച്ച ശേഷം ആയത് തിരുത്താനാവാത്ത വിധം ലോക്ക് ചെയ്യപ്പെടേണ്ടതുണ്ട്. ഇക്കാര്യം ഇൻഫർമേഷൻ കേരള മിഷന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

4) ട്രയൽ ബാലൻസിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

തൻ വർഷത്തെ ട്രയൽ ബാലൻസിലെ നീക്കിയിരിപ്പാണ് തൻ വർഷത്തെ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലേക്ക് ചേർക്കേണ്ടത്. എന്നാൽ പല ഹെഡുകളിലും ഇത് വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു.

<u>ഉദാഹരണം</u>

| ക്രമ നം. | ഹെഡ് | ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് | ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം |
|---|---|---|---|
| 1 | 140100102 | 3050 | 2650 |
| 2 | 140130109 | 4880 | 4760 |
| 3 | 140200107 | 12025 | 11827 |
| 4 | 140400109 | 8855 | 8825 |

5) ജൽ ജീവൻ പദ്ധതി - (ബാങ്ക് അക്കൗണ്ട് നം. 100541201220001 കെ. ഡി. സി. ബാങ്ക്) ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരവും ബാങ്ക് പാസ് ബുക്ക് പ്രകാരവും 31-03-2021 ലെ ബാലൻസ് 0/- ആണ്. എന്നാൽ RP 40(b) പ്രകാരം ഇത് 1,45,320/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6) വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 8,15,810/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

7) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B – 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 79, KFC Volume 1 Article – 282 പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

8) ഡി & ഒ രജിസ്റ്ററിലെ അബ്സ്ട്രാക്റ്റ് പ്രകാരം തൻ വർഷത്തെ ഡിമാന്റ് 2,10,600/- രൂപയാണ്. എന്നാൽ I-4 പ്രകാരം ഇത് 2,11,100/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9) അഡ്വാൻസ് രജിസ്റ്റർ പ്രകാരം പാമ്പിഴഞ്ഞ പാറ കുടിവെള്ള പദ്ധതിക്കായി 13-11-2013 ന് കേരള ജല അതോറിറ്റിക്ക് 10,00,000/- രൂപ നിക്ഷേപ പ്രവൃത്തിക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

ശ്രീ. ഗോപാലകൃഷ്ണൻ സെക്രട്ടറി, 28-10-2016 ന് TA Advance ആയി 1,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ആയത് നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

10) ബാലൻസ്ഷീറ്റ് B1 സ്റ്റേറ്റ്മെന്റിൽ Excess Of Income Over Expenditure ആയി നൽകിയ തുക 2,10,30,925/- രൂപയാണ്. മുൻ വർഷത്തെ ബാലൻസ് ഷീറ്റ്, തൻ വർഷത്തെ Income & Expenditure സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചപ്പോൾ ഈ തുക കണക്കാക്കിയത് ശരിയായിട്ടല്ല എന്ന് കണ്ടെത്തി. വിശദാംശം താഴെ ചേർക്കുന്നു.

| Code | Particulars | ഓപണിങ് ബാലൻസ് (മുൻ വർഷ ധനകാര്യ പത്രിക പ്രകാരം) | കൂട്ടിച്ചേർക്കൽ | ആകെ | ഡിഡക്ഷൻ | സാമ്പത്തിക വർഷ അവസാനത്തെ ബാലൻസ് |
|---|---|---|---|---|---|---|
| 310900101 | Exess Of Income Over Expenditure | 7152313 | 188451692 | 195604005 | 175391320 | 20212686 |

11) ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

12) അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ഒരു സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളുടെയും ആസ്തി ബാധ്യതകളുടെയും യഥാർത്ഥ ചിത്രം പ്രതിഫലിക്കുന്നതായിരിക്കണം വാർഷിക വരവ് ചെലവ് കണക്കുകൾ. എന്നാൽ മേൽ അപാകതകളിൽ നിന്നും സ്ഥാപനത്തിന്റെ യഥാർത്ഥ കണക്കുകളിൽ അടിസ്ഥാനപരമായ തെറ്റുകൾ കടന്നുകൂടിയതായി കാണാവുന്നതാണ്. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 27154400 |
| വരവ് * | 102081779 |
| ആകെ | 129236179 |
| ചെലവ് * | 97440689 |
| നീക്കിയിരിപ്പ് * | 32224103 |

കുറിപ്പ്

** ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ വരവ് ചെലവു ഭാഗങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് താഴെ കാണിച്ച പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ തന്നെ സ്ഥാപനത്തിന്റെ തൻ വർഷത്തെ വരവ്, ചെലവ്, നീക്കിയിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | തുക | റിമാർക്സ് |
|---|---|---|
| വരവ് ഭാഗം ആകെ തുക | 129236179 | ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 4,28,613/- രൂപയുടെ വ്യത്യാസം ഉണ്ട്. |
| ചെലവ് ഭാഗം ആകെ തുക | 129664792 | |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 17942871 | 17942871 | 17381643 | 561228 | 96.9 ശതമാനം ചെലവഴിച്ച |
| വികസന ഫണ്ട് (എസ്. സി.പി.) | | 0 | 4569267 | 4569267 | 3783066 | 786201 | 82.8 ശതമാനം ചെലവഴിച്ച |
| വികസന ഫണ്ട് ( ടി. എസ്.പി) | | 0 | 818096 | 818096 | 534092 | 284004 | 65.3 ശതമാനം ചെലവഴിച്ച |
| മെയിന്റനൻസ് (റോഡ്) | | 0 | 17346000 | 17346000 | 15914149 | 1431851 | 73.8 ശതമാനം ചെലവഴിച്ച |
| മെയിന്റനൻസ് (നോൺ റോഡ്) | | 0 | 6092745 | 6092745 | 5636945 | 455800 | 92.5 ശതമാനം ചെലവഴിച്ച |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 15332173 | 15332173 | 9952723 | 5379450 | 64.9 ശതമാനം ചെലവഴിച്ച |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 7910000 | 7910000 | 3914882 | 3995118 | 49.5 ശതമാനം ചെലവഴിച്ച |
| ഐ. സി. ഡി. എസ് | | 1593784 | 1134483 | 2728267 | 1064268 | 1663999 | |
| എം. പി. ഫണ്ട് | | 164180 | 4510 | 168690 | 0 | 168690 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 67562 | 4716604 | 4784166 | 4035918 | 748248 | |
| | ബ്ലോക്ക് പഞ്ചായത്ത് | 1138008 | 2663890 | 3801898 | 3734336 | 67562 | |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഫണ്ടുകളുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ. കെ. എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 82890283 | 23137983 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്. സി. പി) | 11769632 | 5044632 |
| വികസനഫണ്ട് (ടി. എസ്. പി) | 1174000 | 874000 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 10121473 | 7071473 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 23644715 | 20801903 |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 282 | 169367093 | 234 | 48 | 82683006 | 48.8 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 282 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 234 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി 169367093 രൂപ വകയിരുത്തിയതിൽ 82683006 രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17942871 | 17381643 | 561228 | 96.9 ശതമാനം ചെലവഴിച്ചു |
| വികസന ഫണ്ട് (എസ്. സി. പി) | 4569267 | 3783066 | 786201 | 82.8 ശതമാനം ചെലവഴിച്ചു |
| വികസന ഫണ്ട്( ടി. എസ്.പി.) | 818096 | 534092 | 284004 | 65.3 ശതമാനം ചെലവഴിച്ചു |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 15332173 | 9952723 | 5379450 | 64.9 ശതമാനം ചെലവഴിച്ചു |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 7910000 | 3914882 | 3995118 | 49.5 ശതമാനം ചെലവഴിച്ചു |
| മെയിന്റനൻസ് ഫണ്ട് – റോഡ് | 17346000 | 15914149 | 1431851 | 73.8 ശതമാനം ചെലവഴിച്ചു |
| മെയിന്റനൻസ് ഫണ്ട് നോൺ - റോഡ് | 6092745 | 5636945 | 455800 | 92.5 ശതമാനം ചെലവഴിച്ചു |
| ആകെ | 70011152 | 57117500 | 12893652 | 81.6 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 70011152 രൂപയിൽ 57117500 രൂപ (81.6%) പഞ്ചായത്തിന് ചെലവഴിക്കാൻ കഴിഞ്ഞു. 12893652/- രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4747 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 7767 |
| 100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ | 560 |
| 2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് | 37383833 |

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | 2306130 |
| അവിദഗ്ദ വേതനം | 24373555 |
| മെറ്റിരിയൽ തുക | 8840820 |
| ഭരണ ചെലവ് | 1492328 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1578.92 | 1309537 | 1311115.92 | 1307949 | 3166.92 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 35891505 | 35891505 | 35891505 | -- |

ഭരണസമിതിയുടെ 11.12.2019 തിയ്യതിലെ 4 നമ്പർ തീരുമാന പ്രകാരം 357 പദ്ധതികൾക്കാണ്

അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 232 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 11 |
| കിണർ | 14 |
| തൊഴുത്ത് | 20 |
| ടോയിലറ്റ് | 6 |
| കോഴിക്കൂട് | 5 |
| വൃക്ഷത്തൈ നടൽ | 1 |
| പുഴ/തോട് നവീകരണം | 7 |
| മണ്ണ് ജല സംരക്ഷണം | 63 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 47 |
| സോക്പിറ്റ് നിർമ്മാണം | 11 |
| കമ്പോസ്റ്റ് നിർമ്മാണം | 2 |
| ഫാം പോണ്ട് നിർമ്മാണം | 16 |
| തീറ്റ പുൽകൃഷി | 5 |
| തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 1 |
| ആട്ടിൻകൂട് നിർമ്മാണം | 16 |
| അസോള ടാങ്ക് നിർമ്മാണം | 2 |
| കിണർ റീ ചാർജ്ജിംഗ് | 5 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻ വർഷത്തെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗം നടപടികൾ സ്വീകരിച്ചിട്ടില്ല.

സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി. സി. ബി ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറി, കൃഷി ഓഫീസർ, വി. ഇ. ഒ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/06/2022 – ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,631/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് എടുത്ത 6 വാടകക്കാരിൽ ഒരാൾ പേർ മാത്രമാണ് 2020-21 കാലയളവിൽ ഡി. & ഒ. ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. വാടകക്ക് എടുത്തവരിൽ ഭൂരിഭാഗവും വാടക കരാറിന്റെ പിൻബലത്തിലാണ് ബിസിനസ് നടത്തിപ്പോരുന്നത്. ഡി. & ഒ. ലൈസൻസ് പുതുക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1. | 14/റൂം 2 | പ്രദീപ്കുമാർ തേവലക്കാട് |
| 2. | 14/റൂം 3 | എം. പി. സന്തോഷ് |
| 3. | 14/റൂം 4 | ടി. ജെ. തോമസ് തറമുറ്റത്ത് |
| 4. | 14/റൂം 5 | കെ. എം. ഖാലിദ് കല്ലുരുട്ടിമ്മൽ |
| 5. | 14/റൂം 6 | സന്തോഷ് ടി. യു തച്ചംകുന്നമ്മൽ |

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5, 11 എന്നിവയിൽ ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള യാതൊരു പരിശോധനയും സ്ഥാപനത്തിലില്ലാത്തത് കൊണ്ടാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായിരിക്കുന്നത്. ഡി. ആന്റ് ഒ. ലൈസൻസ് എടുക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും നാളിതുവരെയുള്ള ലൈസൻസ് ഫീ പിഴയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | ഹിൽ റാഞ്ചസ് റിസോർട്ട്, തേൻപാറ | 1&2 അർദ്ധവർഷം |
| 2 | കേരള ഗ്രാമീൺ ബാങ്ക്, ആനക്കാം പൊയിൽ | 1&2 അർദ്ധവർഷം |

| | | |
|---|---|---|
| 3 | മരിയൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ആനക്കാംപൊയിൽ | 1&2 അർദ്ധവർഷം |
| 4 | റിച്ച്മോണ്ട് റിസോർട്ട്, കോടക്കാട്ടു പാറ | 1&2 അർദ്ധവർഷം |
| 5 | താജ് ഓയിൽ മിൽ, പുന്നക്കൽ | 1&2 അർദ്ധവർഷം |
| 6 | മിൽക്ക് സൊസൈറ്റി, വിളക്കാംതോട് | 1&2 അർദ്ധവർഷം |
| 7 | അൽഫോൺസാ കോളേജ്, തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 8 | കയത്തിങ്ങൽ ഫ്യൂയൽസ് | 1&2 അർദ്ധ വർഷം |
| 9 | മലബാർ ഫർണീച്ചർ, തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 10 | മുത്തൂറ്റ് ഫിൻകോർപ്പ്, തിരുവമ്പാടി | 1 St അർദ്ധ വർഷം |
| 11 | തിരുനേത്ര ഐ ക്ലിനിക് | 1&2 അർദ്ധവർഷം |
| 12 | അൽഫോൺസ ഹോസ്പിറ്റൽ, തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 13. | കെ.ടി.ഡി.സി. റെസ്റ്റോറൻറ്, പുല്ലൂരാംപാറ | 1&2 അർദ്ധവർഷം |
| 14 | മലബാർ ഡെന്റൽ കെയർ | 1&2 അർദ്ധവർഷം |
| 15 | ലാവണ്യ മെറ്റൽസ്, തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 16 | ജോസ് ബ്രദേഴ്സ് വെഡിംഗ് സെന്റർ | 1&2 അർദ്ധവർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടെങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-11 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 109/21 ൽ (പി. എച്ച്. സി. അടിസ്ഥാന സൗകര്യം വർധിപ്പിക്കലും സബ് സെന്ററുകളുടെ നവീകരണവും) പഴയ ചുമരിന്റെ സംരക്ഷണ പ്രവൃത്തിയ്ക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള പെയിന്റിംഗ് ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 19 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ 13.60.1 ആണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. ഈ പ്രോജക്റ്റിൽ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14 ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. അളവു പുസ്തകം 13 ലെ പേജ് 19, 20 എന്നിവ പ്രകാരം 193.26 M2 വിസ്തീർണ്ണത്തിൽ പഴയ ചുമരിന്റെ പെയിന്റിംഗ് ഇപ്രകാരം നടന്നിട്ടുണ്ട്. ഐറ്റം 14.53.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈയിനത്തിലെ ചെലവ് 7396/- രൂപ മാത്രമാകുമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ കരാറുകാരന് 110.68/- രൂപ നിരക്കിൽ 21390/- രൂപ ഈയിനത്തിൽ നൽകി. ഇക്കാരണത്താൽ ഈ പ്രവൃത്തിയിൽ 13,994/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിക്കായുള്ള ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഈയിനത്തിലുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ, തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ നിർവ്വഹണോദ്യാഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഡാറ്റയും, നിരക്കും - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലെ വിവിധയിടങ്ങളിൽ വ്യത്യസ്ത പ്രോജക്റ്റുകളിലുൾപ്പെടുത്തി ഇന്റർലോക്ക് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഒരേ രീതിയിലുള്ള ഇവയുടെ പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത് വ്യത്യസ്ത ഡാറ്റകളും, വ്യത്യസ്ത നിരക്കുമാണെന്ന് ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ഭൂരിഭാഗം എസ്റ്റിമേറ്റുകളിൽ ഒബ്സേർവ്ഡ് ഡാറ്റ (വിവിധ പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കിൽ) തയ്യാറാക്കിയപ്പോൾ വിരളമായി PRICE ലെ ഐറ്റം 16.91.1 ഉൾപ്പെടുത്തി. തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിലും പേവിംഗ് ബ്ലോക്കുകൾക്ക് വ്യത്യസ്ത നിരക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ചിലതിൽ മാർക്കറ്റ് നിരക്ക് ഉൾപ്പെടുത്തിയപ്പോൾ ഭൂരിഭാഗം ഡാറ്റയിലും DAR ലെ കൂടിയ നിരക്ക് ഉൾപ്പെടുത്തി. ഇതു മൂലം ഈ പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിശദാംശം | ഡാറ്റ വിശദാംശം/നിരക്ക് | പേവിംഗ് ബ്ലോക്ക് നിരക്ക് | ചെയ്ത അളവ്/ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | പി. എച്ച്. സി. അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, | OD 60mm Block On 50mm Bed Of Sand 1032.12/m2 | 500 | 291.667m2 X 1032.12 =301035.3/- | മണലിനു മുകളിൽ പേവിംഗ് ബ്ലോക്ക് പാകുന്നതാണ് ഡാറ്റയിൽ |

| | | | | | |
|---|---|---|---|---|---|
| | 250/21 | | | | ഉൾപ്പെടുത്തിയതെങ്കിലും മെറ്റലിനു മുകളിലാണ് ചെയ്തത് |
| 2 | പി. എച്ച്. സി. അടിസ്ഥാന സൗകര്യം വർധിപ്പിക്കലും, സബ്സെന്ററുകളുടെ നവീകരണവും, 109/21 | 16.91.1<br>991.01/m2 | 500 | 32.473m2 X 991.01 = 29817 | - ടി- |
| 3 | പുന്നയ്ക്കൽ അംഗൻവാടി ഭൗതിക സാഹചര്യം വർധിപ്പിക്കൽ, 249/21 | OD 60mm Block On 50mm Bed Of Sand<br>788.81/m2 | 466.65(MR) | 75.201m2 X 800(കരാറുകാരൻ ഏറ്റെടുത്ത നിരക്ക്) = 60160.8<br>8.747 X 788.81 = 6899.72 | ഡാറ്റയിൽ 80mm ബ്ലോക്കിന്റെ മാർക്കറ്റ് വിലയാണ് ഉൾപ്പെടുത്തിയത്. യഥാർത്ഥത്തിൽ ചെയ്തത് 60mmബ്ലോക്ക് |
| 4 | എം. സി. എഫ്. ബിൽഡിഗ് | OD 60mm Block On 50mm Bed Of Sand<br>680.68/m2 | 350(MR) | 92.643m2 X 640.5(കരാറുകാരൻ ഏറ്റെടുത്ത നിരക്ക്) = 59337.84 | ഡാറ്റയിൽ 60mm ബ്ലോക്കിന്റെ മാർക്കറ്റ് വിലയാണ് ഉൾപ്പെടുത്തിയത്. |
| 5 | വഴിക്കടവ് അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 127/21 | OD 60mm Block On 50mm Bed Of Stone Aggrigate<br>1080.87/m2 | 500 | 41.85m2 X 1080.87= 44585.89 | ഡാറ്റയിൽ മണലിനു പകരം മെറ്റലിന്റെ നിരക്ക് ഉൾപ്പെടുത്തി, മെറ്റലിൽ പേവിംഗ് നടത്തി |
| 6 | ഗ്യാസ് ക്രിമിറ്റോറിയം | OD 60mm Block On 50mm Bed Of Sand<br>1032.12/m2 | 500 | 28.569m2 X 1032.12= 29486.95 | - ടി - |
| 7 | ആനക്കാംപൊയിൽ അംഗൻവാടി അറ്റകുറ്റപണി, 126/21 | OD 60mm Block On 50mm Bed Of Stone<br>1080.87/m2 | 500 | 20.63m2 X 1080.87 = 22298.35 | - ടി - |
| 8 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം, 312/21 | 16.91.1<br>991.01/m2 | 500 | 225.94m2 X 991.01 = 223908.8 | മണലിനു മുകളിൽ പേവിംഗ് ബ്ലോക്ക് പാകുന്നതാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയതെങ്കിലും മെറ്റലിനു മുകളിലാണ് ചെയ്തത് |
| 9 | നാല്പതുമേനി ബസ് വെയിറ്റിംഗ് ഷെഡ് | OD 80mm Block On 50mm Bed Of | 370(MR) | 9.174m2 X 711.53 = 6594.46 | 80 Mm പേവിംഗ് ബ്ലോക്ക് പാകാനാണ് |

| | | | | | |
|---|---|---|---|---|---|
| | | Stone Aggrigate 711.53/m2 | | | എസ്റ്റിമേറ്റിലെങ്കിലും 60 Mm ബ്ലോക്കാണ് ഉപയോഗിച്ചത്. മാർക്കറ്റ് വിലയും ഉൾപ്പെട്ടുത്തി. |

മുകളിൽ കൊടുത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 4, 9 എന്നിവയിൽ ഇന്റർലോക്ക് പേവിംഗ് ബ്ലോക്കിന് മാർക്കറ്റ് വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിനാൽ നിരക്കിൽ വളരെ കുറവുണ്ടായത് വ്യക്തമാണ്. ക്രമ നമ്പർ 4 പ്രകാരമുള്ള പ്രവൃത്തിയ്ക്ക് ഒരു ചതു. മീറ്റർ വിസ്തീർണ്ണത്തിന് 680.68/- രൂപ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടും കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തത് ഇതിലും കുറഞ്ഞ നിരക്കായ 640.5/- രൂപ നിരക്കിലാണ്. ഇതിൽ നിന്നും ഈയിനം പ്രവൃത്തിയ്ക്ക് താരതമേന്യ കുറഞ്ഞ നിരക്കേ ആവശ്യമായി വരുന്നുള്ളൂവെന്ന് വ്യക്തമാണ്. അതുകൊണ്ടു തന്നെ വളരെ കൂടിയ വിസ്തീർണ്ണത്തിൽ പ്രവൃത്തി നടത്തിയ ക്രമ നമ്പർ 1, 8 എന്നിവയിൽ ഈയിനത്തിൽ ലക്ഷക്കണക്കിനു രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ക്രമ നമ്പർ 4 പ്രകാരമുള്ള നിരക്കിൽ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവിന്റെ വിശദാംശം ഇപ്രകാരമാണ്.

| പ്രോജക്ട് വിശദാംശം | ചെയ്ത അളവ്/ചെലവ് | ക്രമ നമ്പർ 4 പ്രകാരമുള്ള 680.68/$m^2$ നിരക്കിൽ ഉണ്ടാകുമായിരുന്ന ചെലവ് | അധിക ചെലവ് |
|---|---|---|---|
| പി. എച്ച്. സി. അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, 250/21 | 291.667$m^2$ X 1032.12 = 301035.3/- | 291.667$m^2$ X 680.68 = 198531.89 | 102503.89/- |
| ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം, 312/21 | 225.94$m^2$ X 991.01 = 223908.8 | 225.94$m^2$ X 680.68 = 153792.84 | 70115.96/- |
| ഒഴിവാക്കാമായിരുന്ന അധിക ചെലവ് | | | 172619.85/- |

പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം കണക്കിലെടുക്കാതെ പേവിംഗ് ബ്ലോക്കിന് അധിക നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതു മൂലം വിവിധ പ്രവൃത്തികളിലായി ലക്ഷങ്ങളുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഈ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കും പ്രകാരം സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മാവാതുങ്കൽ അംഗൻവാടി ഭൗതിക സാഹചര്യം വർധിപ്പിക്കൽ, പ്രോ. നം. 171/21

അടങ്കൽ : 6,50,000/- സംരക്ഷണഗ്രാന്റ് - റോഡിതരം

ചെലവ് : 6,36,582/-

മുൻവർഷത്തിൽ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ച മേൽ അംഗൻവാടിയുടെ ബാക്കി നിർമ്മാണ പ്രവൃത്തികൾക്കായാണ് ഈ പ്രോജക്ട്. 2019-20 വർഷത്തിൽ രൂപീകരിച്ച പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ (3,01,607/- ബിൽ നം. 23/20-21/22.5.20) അതേ വർഷത്തിൽ നൽകുകയും തുടർ വർഷത്തിൽ രണ്ടാമത്തേയും (ഫൈനൽ ബില്ലും) നൽകുകയുണ്ടായി (ബിൽ നം. 76/20-21/24.12.20- 2,30,394/-, ബിൽ നം. 6/20-21/26.7.21-104581/-). ഓഡിറ്റിന്റെ ഭാഗമായി ഈ അംഗൻവാടി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിക്കുകയുണ്ടായി. ഈ സമയം അംഗൻവാടിയുടെ പെയിന്റിംഗ് പ്രവൃത്തി നടന്നിട്ടില്ലെന്ന് കണ്ടു. പ്രൈമർ മാത്രം അടിച്ച അവസ്ഥയിലാണ് കെട്ടിടമുള്ളത്. എന്നാൽ അളവ് പുസ്തക പ്രകാരം 267.84 $M^2$ വിസ്തീർണ്ണത്തിൽ പ്രൈമർ അടിച്ച ശേഷം അതേ വിസ്തീർണ്ണത്തിൽ അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റ് അടിച്ചതായിട്ടാണ് രേഖപ്പെടുത്തിയത് (മെഷർമെന്റ് തിയ്യതി 21.2.2020, 11.5.2020). ഇതിനായി 125രൂപ/$m^2$നിരക്കിൽ 33,480/- രൂപ കരാറുകാരന് രണ്ടാമത്തെ പാർട്ട് ബിൽ പ്രകാരം നൽകി. ചെയ്യാത്ത പ്രവൃത്തിയ്ക്ക് നൽകിയ മേൽ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. യഥാർത്ഥത്തിൽ നടപ്പാക്കാത്ത പ്രവൃത്തി ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും ഈ തുക തെറ്റായി അളവ് രേഖപ്പെടുത്തിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

## 1-14 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/ പേര് | ഏറ്റെടുത്ത അടങ്കൽ തുക/ കരാറുകാരൻ | കരാർ നം./ തിയ്യതിയും സൈറ്റ് കൈമാറിയ തിയ്യതിയും | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി ആരംഭിച്ച തിയ്യതി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @3% |
|---|---|---|---|---|---|---|
| അത്തിപ്പാറ അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 128/21 | 180000/- ഷിജിൽ എം.യു. | 5/18-19. 10.7.18 | 10 മാസം | 7.12.19 | 10.1.20 | 5,400 |
| വഴിക്കടവ് അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 127/21 | 193400/- ഷിജിൽ എം.യു. | 6/18-19 /10.7.18 | 1 വർഷം | 6.11.19 | 13.1.20 | 5,802 |
| പുന്നയ്ക്കൽ അംഗൻവാടി കെട്ടിട നിർമ്മാണം, 129/21 | 745651.72/- സീനോ ജോസഫ് | 47/18-19 /29.8.18 | 9 മാസം | 23.11.18 | 10.1.20 | 22,370 |
| ആനക്കാംപൊയിൽ അംഗൻവാടി | 130000/- ജഗീഷ് | 43/18-19 /17.8.18 | 10 മാസം | 6.11.19 | 7.1.20 | 3,900 |

| | | | | | | |
|---|---|---|---|---|---|---|
| അറ്റകുറ്റപണി, 126/21 | കുമാർ | | | | | |
| ആകെ | | | | | | 37,472/- |

മുൻവർഷത്തിൽ നിന്ന് സ്പിൽ ഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ചില പ്രവൃത്തികൾ ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി. ഡബ്ള്യ. ഡി. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 37,472/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും കരാറുകാരിൽ നിന്ന് പിഴ തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ നടപ്പാക്കുന്നു

ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതും, ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തിയതുമായ നാലുതുമേനി ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ നിർവ്വഹിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

- ഷെഡിന്റെ തറ ടൈലിംഗ് നടത്തുന്നതിനായി ഉൾപ്പെടുത്തിയ ഇനം DAR ലെ ഐറ്റം 11.20.3 ആണ്. ഇതു പ്രകാരം 22mm കനമുള്ള ചെക്കേർഡ് പ്രീകാസ്റ്റ് സിമന്റ് കോൺക്രീറ്റ് ടൈലുകളാണ് ഉപയോഗിക്കേണ്ടത്. എന്നാൽ കനം കുറഞ്ഞ സെറാമിക്/ വിട്രിഫൈഡ് ഇനത്തിലുള്ള ആന്റി സ്കിഡ് രീതിയിലുള്ള ടൈലാണ് യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തിയത്. ഇതുപയോഗിച്ച് ചെയ്ത തറയുടെ അരികുകൾ പൊട്ടി തുടങ്ങിയിരിക്കുന്നു. താരതമ്യേന പൊതുജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ബസ് ഷെഡിൽ കനം കുറഞ്ഞ ടൈൽ പാകാനുണ്ടായ സാഹചര്യം വ്യക്തമല്ല.
- വെയിറ്റിംഗ് ഷെഡിന്റെ മുൻവശം ഇന്റർലോക്ക് പേവിംഗ് ചെയ്യാനായി ഒബ്സേർവ്ഡ് ഡാറ്റ

തയ്യാറാക്കിയതിൽ 80mm കനത്തിലുള്ള പേവിംഗ് ബ്ലോക്കുകൾ ഉപയോഗപ്പെടുത്താനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ 60mm കനമുള്ള പേവിംഗ് ബ്ലോക്ക് ഉപയോഗിച്ചാണ് പേവിംഗ് നടത്തിയിരിക്കുന്നത്.

മേൽ വിവരിച്ച വിധത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ നിർവ്വഹിക്കാനുണ്ടായ സാഹചര്യവും ഇത് ശരിയായി മോണിറ്റർ ചെയ്യാതെ അളവ് രേഖപ്പെടുത്തി തുക നൽകാനുമുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ സാഹചര്യം വിശദീകരിക്കേണ്ടതും എസ്റ്റിമേറ്റുകൾ യഥാർത്ഥ ആവശ്യാനുസരണം തയ്യാറാക്കി, വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

1-16 എസ്റ്റിമേറ്റുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ, സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്ന വിധം പരിശോധന നടക്കുന്നില്ലെന്ന്, താഴെ ചേർക്കുന്ന ഇനങ്ങൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ നിന്നും വ്യക്തമാകുന്നു.

1. ഇന്റർലോക്ക് പേവിംഗ്: ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലെ വിവിധയിടങ്ങളിൽ ഇന്റർലോക്ക് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഒരേ രീതിയിലുള്ള ഇവയുടെ പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത് വ്യത്യസ്ത ഡാറ്റകളും, വ്യത്യസ്ത നിരക്കുമാണെന്ന് ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. ഭൂരിഭാഗം എസ്റ്റിമേറ്റുകളിൽ ഒബ്സേർവ്ഡ് ഡാറ്റ (വിവിധ പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കിൽ) തയ്യാറാക്കിയപ്പോൾ വിരളമായി PRICE ലെ ഐറ്റം 16.91.1 ഉൾപ്പെടുത്തി. തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിലും പേവിംഗ് ബ്ലോക്കുകൾക്ക് വ്യത്യസ്ത നിരക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ചിലതിൽ മാർക്കറ്റ് നിരക്ക് ഉൾപ്പെടുത്തിയപ്പോൾ ഭൂരിഭാഗം ഡാറ്റയിലും DAR ലെ കൂടിയ നിരക്ക് ഉൾപ്പെടുത്തി. ഇതു മൂലം ഈ പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

2. മണ്ണ് പ്രവൃത്തികൾ: സാധാരണ മണ്ണ് പ്രവൃത്തികളായ ട്രഞ്ചസ്/ഫൗണ്ടേഷൻ നിർമ്മാണം, സോക്ക് പിറ്റ്/സെപ്റ്റിക് ടാങ്ക് നിർമ്മാണം എന്നിവയ്ക്ക് പൊതുവായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് DAR ലെ ഐറ്റം 2.8.1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ കുറവ് വീതിയിൽ വരുന്ന മണ്ണ് പ്രവൃത്തിയ്ക്കാണ് ഇതുപയോഗിക്കേണ്ടതെന്ന് വ്യക്തമാകുന്നു. എന്നാൽ പല പ്രവൃത്തികളിലും ഒന്നര മീറ്ററിൽ കൂടുതൽ വരുന്ന മണ്ണ് പ്രവൃത്തികൾക്കും ഈയിനം ഉൾപ്പെടുത്തി തുക നൽകുന്നതായി കാണുന്നു. ഉദാഹരണം പ്രോജക്ട് നമ്പർ 127/21 (വഴിക്കടവ് അംഗൻവാടി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ) എന്നതിൽ വെയ്സ്റ്റ് പിറ്റിനായി രണ്ടു മീറ്റർ വീതം നീളത്തിലും വീതിയിലും മണ്ണെടുത്തതിന് ഉൾപ്പെടുത്തിയത് മേൽ ഇനമാണ്. ഇത്തരം പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താവുന്ന DAR ലെ ഐറ്റം 2.6.1 നെ അപേക്ഷിച്ച് മേൽ ഇനത്തിന് നിരക്ക് കൂടുതലാണ്.

3. ഡ്രൈ റബിൾ മേസൻറികൾ: കരിങ്കല്ല് ഉപയോഗപ്പെടുത്തിയുള്ള ഫൗണ്ടേഷൻ/സൂപ്പർ സ്ട്രക്ച്ചറുകൾക്ക് പൊതുവായി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ചില പ്രവൃത്തികളിൽ മാത്രം PRICE ലെ ഐറ്റം 60.7.1 ഉൾപ്പെടുത്തുന്നു. ഫൗണ്ടേഷൻ പ്രവത്തിയ്ക്ക് സൂപ്പർ സ്ട്രക്ച്ചർ പ്രവൃത്തിയെ അപേക്ഷിച്ച് ലേബർ വർക്ക് കുറവായിരുന്നിട്ടും ആയത് പരിഗണിക്കാതെ ഒരേ ഐറ്റം രണ്ടിനും ഉപയോഗിക്കുന്നത് അഭിലഷണീയമല്ല. PRICE ൽ ഐറ്റം 60.7.2 ആയി ഡി. ആർ. പാക്കിംഗ് പ്രവൃത്തിയ്ക്ക് ഇനം ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതിന്റെ കാരണം വ്യക്തമല്ല.

4. ട്രഫോർഡ് ഷീറ്റ് റൂഫിംഗ്: ഈയിനത്തിനായി ഒബ്സേർവ്ഡ് ഡാറ്റയാണ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തി വരുന്നത്. ഈ ഡാറ്റകൾ പരിശോധിച്ചാൽ ട്രഫോർഡ് ഷീറ്റ് ഉറപ്പിക്കുന്നതിനായി J, L ഹുക്കുകളും, നട്ടുകൾ, വാഷറുകൾ തുടങ്ങിയവയുടെ വില ഇതിലുൾപ്പെട്ടിട്ടുണ്ടെന്ന് കാണാം. എന്നാൽ നിലവിൽ ഷീറ്റുകൾ ഉറപ്പിക്കുന്നതിന് J, L ഹുക്കുകൾ ഉപയോഗപ്പെടുത്തുന്നില്ല. ഷീറ്റുകൾ മുകൾ ഭാഗത്തു നിന്ന് പ്രത്യേക നട്ടുകൾ ഉപയോഗിച്ച് ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് ടീം 28.06.2022 ന് സൈറ്റ് പരിശോധന നടത്തിയ ആനക്കാംപൊയിൽ, മാവാതുങ്കൽ എന്നീ അംഗൻവാടികളിലേയും എയറോബിക്

കംമ്പോസ്റ്റ് യൂണിറ്റ് ഷെഡുകൾ, ജൈവവള നിർമ്മാണ യൂണിറ്റ് ഷെഡ് എന്നിവയുടേയും പ്രവൃത്തികളിൽ ഇത് വ്യക്തമാണ്. ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ യഥാർത്ഥ ആവശ്യകത ഉൾപ്പെടുത്തി നിരക്ക് നിശ്ചയിക്കേണ്ടതാണ്.

5. മണ്ണ് ഫില്ലിംഗ്: മാവാതുങ്കൽ അംഗൻവാടിയുടെ നിർമ്മാണത്തിൽ കോൺട്രാക്ടർ കൊണ്ടു വരുന്ന മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്ന പ്രവൃത്തിയ്ക്കായി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയത്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ഡീസൽ റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിക്കുന്നതിനുള്ള നിരക്ക് ഉൾപ്പെട്ടതാണിതെന്ന് വ്യക്തമാകുന്നു. എന്നാൽ അളവു പുസ്തകം പരിശോധിച്ചാൽ ഈ പ്രവൃത്തി നടന്നിരിക്കുന്നത് മൂന്നു മീറ്ററിൽ കുറവു വീതിയിൽ (3m, 2m, 1.5, 0.6m) അംഗൻവാടിയുടെ മുറ്റത്താണെന്ന് കാണാം. അതുകൊണ്ടു തന്നെ ഈ പ്രവൃത്തിയിൽ റോളർ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാണ്. റോളർ പ്രവർത്തിക്കാതെ ആയതിനുള്ള നിരക്കു കൂടി ഉൾപ്പെടും വിധമുള്ള ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയത് വിശദീകരിക്കേണ്ടതാണ്.

6. പെയിന്റിംഗ് : പഴയ നിർമ്മിതിയുടെ മേലുള്ള പെയിന്റിംഗ് പ്രവൃത്തിയ്ക്ക് പുതിയ നിർമ്മിതിയ്ക്കു മുകളിൽ പെയിന്റിംഗ് നൽകുന്ന ഇനം ഉപയോഗപ്പെടുത്തുന്നതിനാൽ അധിക ചെലവുണ്ടാകുന്നുണ്ട്. ഇതിനുദാഹരണമാണ് പ്രോജക്ട് നമ്പർ 109/21ൽ 193 M2 വിസ്തീർണ്ണത്തിൽ പഴയ ചുമരിൽ നടത്തിയ പെയിന്റിംഗ് പ്രവൃത്തി (അളവു പുസ്തകം 13 പേജ് 19, 20). ഇതിനായി ഉപയോഗപ്പെടുത്തിയത് DAR ലെ ഐറ്റം 13.60.1 എന്നയിനമാണ്. ഇതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്.

മുകളിൽ വിവരിച്ച പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കും പ്രകാരം സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-17 പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് - ചെലവ് വിവരം ലഭ്യമല്ല

പ്രോജക്ട് നം. 190/20-21 – പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ : 3,00,000/- (തനത് ഫണ്ട്)

ചെലവ് : 2,58,164/- (ചെക്ക് നം. ഇല്ല)

നിർവ്വഹണം : സെക്രട്ടറി

പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും 3,00,000/- രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :

1. ഐ. കെ. എം. ചെലവ് പത്രിക പ്രകാരം പദ്ധതിയ്ക്കായി ആകെ 2,58,164/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് വകയിൽ പുത്തൻപുരയ്ക്കൽ പ്രിന്റേഴ്സ്, തിരുവമ്പാടി എന്ന സ്ഥാപനത്തിന്റെ 78,500/- രൂപയുടെ ബില്ലുകളും പത്രപ്പരസ്യം ചെയ്ത വകയിൽ കേരള കൗമുദി ദിനപത്രത്തിന്റെ 25,032/- രൂപയുടെ ബില്ലുകളും ചേർത്ത് ആകെ 1,03,532/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. ബാക്കി ചെലവ് കാണിച്ചിരിക്കുന്ന 1,54,632/- രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.

2. ചെലവനുവാദമോ, ചെലവിനായി തയ്യാറാക്കിയ ബില്ലോ മറ്റ് രേഖകളോ ഫയലിൽ ഇല്ല.

3. തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,54,632/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തിയ്യതി | അപേക്ഷ യിന്മേലുള്ള റിപ്പോർട്ട് ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|---|
| 1. | ഇബ്രാഹിം, ആമക്കുളം | കർഷക തൊഴിലാളി പെൻഷൻ | 1240/01-03-21 | 17/06/2021 | 09/07/21 |
| 2. | ശശി S/o കേശവൻ നായർ | ടി | 1300/03-03-21 | 17/06/2021 | 09/07/21 |
| 3 | കോയക്കുട്ടി S/o മുഹമ്മദ് | ടി | 1347/04-03-21 | 17/06/2021 | 09/07/21 |
| 4. | മോഹനൻ, പറച്ചുള്ളി | ടി | 1349/04-03-21 | 17/06/2021 | 09/07/21 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തീകരിക്കാൻ സമയമെടുക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായും കാണുന്നു. കർഷകതൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകളിൽ 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കേണ്ടതാണ്.

## 1-19 സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതെ അഭിഭാഷകർക്ക് ഫീസ് നൽകുന്നു.

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ

രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് എന്തിനു വേണ്ടിയാണ് നൽകിയിരിക്കുന്നത്, ഏത് കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്, കേസ് നിലവിലുണ്ടോ, തീർപ്പായോ, കേസിന്റെ വിചാരണ തിയ്യതികൾ, വിധിയുടെ വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. കേസിന്റെ പോസ്റ്റിംഗ് വിവരങ്ങളറിയിക്കാതെയും നടത്തിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറിയുമായി കൂടിയാലോചിക്കാതെയും അഭിഭാഷകർ ഫയൽ കൈകാര്യം ചെയ്യുന്നത് ശരിയായ കീഴ്വഴക്കമല്ല. സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നത് ഒരു കേസിൽ പ്രസ്തുത പഞ്ചായത്ത് പരാതിക്കാരനാണോ എതിർകക്ഷിയാണോ എന്നറിയാനും, കേസ് ഏത് കോടതിയിലാണെന്നും എന്താവശ്യത്തിനാണ് കേസ് ഫയലാക്കിയതെന്നറിയാനും, വിധി എന്താണെന്ന് പെട്ടെന്ന് മനസ്സിലാക്കാനും വേണ്ടിയാണ്. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-20 പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ. ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ. 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ-പി. എച്ച്. സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ ഒരു യോഗം പോലും ചേരുകയോ അതിന്റെ പ്രവർത്തനാവലോകനം നടത്തുകയോ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. 11-03-2020 – നു ശേഷം 22.02.2021 നു മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-21 ദുരന്തനിവാരണ - സന്നദ്ധ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 201/20-21 – ദുരന്തനിവാരണ – സന്നദ്ധ സേനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 2,00,000/- (വികസന ഫണ്ട്)

ചെലവ് : 1,96,115/-

നിർവ്വഹണം : സെക്രട്ടറി

ദുരന്തനിവാരണ – സന്നദ്ധ സേനയ്ക്ക് ഫൈബർ ബോട്ട് ഉൾപ്പെടെ, ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 3(5)/27.07.2020 പ്രകാരം മുക്കം മിൽ സ്റ്റോർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ഫൈബർ ബോട്ടിന് ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കായ 57,600/- രൂപ അംഗീകരിച്ചു. സ്ഥാപനം സമർപ്പിച്ച ഇൻവോയിസ് നം. എസ്. 1189/15.10.2020 പ്രകാരം തുക നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 4(4)/08.07.2020 പ്രകാരം ദുരന്തനിവാരണ സന്നദ്ധ സേനയ്ക്ക് പല തരത്തിലുള്ള സേഫ്റ്റി ഉപകരണങ്ങൾ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു. ടി സ്ഥാപനം സമർപ്പിച്ച

1,38,515/- രൂപയുടെ ഇൻവോയിസ് നം. CLTBC047/27.07.2020 പഞ്ചായത്ത് ഭരണസമിതിയുടെ 2(11)/25.08.2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കണ്ടു :

1. കമ്പനികൾക്ക് നൽകിയ സപ്ലൈ ഓർഡറുകൾ ഫയലിൽ ലഭ്യമല്ല.

2. ഇരു കമ്പനികളുമായും പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. സാധനങ്ങൾ, ഫൈബർ ബോട്ട് ഉൾപ്പെടെ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. ഫൈബർ ബോട്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/28.06.2022 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

1-22 പഞ്ചായത്തിലെ സർവർ കംപ്യൂട്ടർ, കംപ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ - എ.എം.സി പുതുക്കൽ - അപാകതകൾ

പ്രോജക്ട് നം. 278/20-21 – സർവർ കംപ്യൂട്ടർ, കംപ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ – എ.എം.സി പുതുക്കൽ

അടങ്കൽ : 1,36,750/- (വികസന ഫണ്ട്), 63250/- (തനത് ഫണ്ട്)

ചെലവ് : 52,333/- (BRN-20170652007500858016/23.12.2020)

30,208/- (BRN-20170652007500858014/23.12.2020)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിലെ സർവർ കംപ്യൂട്ടർ, കംപ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി പുതുക്കുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 3/3(1), തീയതി 27/07/2020 പ്രകാരം ലാപ് ടോപ്, ഡെസ്ക്ടോപ്പ്, സ്കാനർ എന്നിവയുടെ എ.എം.സി യ്ക്ക് മാക്സിസ് ഐ. റ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനം 28.07.2020 – ന് പഞ്ചായത്തുമായി കരാർ ചമച്ചിട്ടുണ്ട്. ഇൻവോയിസ് നം. MITS/2021/402 തീയതി 24.12.2020 പ്രകാരം എ.എം.സി ഇനത്തിൽ 52,333/- രൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 3/3(1), തീയതി 27/07/2020 പ്രകാരം 3KVA UPS, 5KVA UPS, 2KVA UPS (2 എണ്ണം) എന്നിവയുടെ എ.എം.സി യ്ക്ക് ഇഗാ ടെക്, കാക്കനാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനം പഞ്ചായത്തുമായി കരാർ ചമച്ചിട്ടുണ്ട്. ഇൻവോയിസ് നം. SE-526 തീയതി 20.11.2020 പ്രകാരം എ.എം.സി ഇനത്തിൽ 30,208/- രൂപ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ടി രണ്ട് കമ്പനികളുമായി ചമച്ച കരാർ നിയമാനുസൃതമല്ല. പ്രസ്തുത ഉടമ്പടികൾ, കരാർ രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകിയിട്ടില്ല. രണ്ട് കമ്പനികളുടേയും കരാർ കാലാവധി 28.07.2020 മുതൽ 27.07.2021 വരേയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

2. മാക്സിസ് ഐ. റ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചമച്ച കരാറിലെ 12-ാം ഇനപ്രകാരം, പ്രോബ്ലം ഐഡന്റിഫിക്കേഷൻ നം., കാൾ റെസൊല്യൂഷൻ നം. എന്നിവ ഉൾപ്പെടുത്തി ത്രൈമാസ റിപ്പോർട്ട്, കമ്പനിയ്ക്ക് നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3. ഇഗാ ടെക്, കാക്കനാട് എന്ന സ്ഥാപനവുമായി ചമച്ച കരാറിലെ 6-ാം ഇനപ്രകാരം, അടിയന്തിര ഘട്ടങ്ങളിലെ തകരാറുകൾ പരിഹരിക്കുന്നതിനോടൊപ്പം ഓരോ 90 ദിവസത്തിലും 'Regular Check-up Of Systems" നടത്തുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. പരാതി/പരിപാലന രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആയതിനാൽ കേടായ ഉപകരണങ്ങളുടെ വിവരം പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം എ. എം. സി ഒപ്പുവച്ച കമ്പനിയെ അറിയിച്ചിട്ടുണ്ടോ, ആയവ പരിഹരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ വ്യക്തമല്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-23 വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ - അപാകതകൾ

പ്രോജക്ട് നം. 204/20-21 - വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ -
കുടിവെള്ള വിതരണത്തിന് തുക നൽകൽ

അടങ്കൽ : 5,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 4,91,913/-

നിർവ്വഹണം : സെക്രട്ടറി

വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 24.04.2020 - ലെ തീരുമാനം നം. 3/3 പ്രകാരം കുടിവെള്ള വിതരണത്തിന് ശ്രീ. ഷിജിമോൻ ജോസഫ്, വെണ്ണായപ്പിള്ളിൽ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം. എ2-76/2019, തീയതി 15.04.2020 പ്രകാരം ടിയാന് 4,000 ലിറ്ററിന് 240/- രൂപ പ്രതി കിലോ മീറ്റർ നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ച നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :

1. ശ്രീ. ഷിജിമോൻ ജോസഫ്, വെണ്ണായപ്പിള്ളിൽ എന്നയാളുമായി ഒപ്പിട്ട കരാറിലെ നിബന്ധന 2 പ്രകാരം ഗുണനിലവാരം ഉറപ്പാക്കിയ ജലസ്രോതസ്സിൽ നിന്നു മാത്രമേ കുടിവെള്ളം ശേഖരിക്കാവൂ എന്നും ഇതു സംബന്ധിച്ച് അംഗീകൃത ഏജൻസിയായ കേരള വാട്ടർ അതോറിറ്റി, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, സി.ഡബ്ല്യു.ആർ.ഡി.എം എന്നിവയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ പരിശോധനാ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നുമാണ്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. തുക ചെലവഴിച്ചതിന് ചെലവനുവാദം, തുക പിൻവലിക്കുന്നതിന് തയ്യാറാക്കിയ ബില്ല്, നൽകിയ തുകയുടെ കൈപ്പറ്റ് രശീതി എന്നിവ ഫയലിൽ ലഭ്യമല്ല.

3. ടാങ്കർ ലോറികളിലും വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി 2011 പ്രകാരം എഫ്.ബി.ഒ ലൈസൻസ് എടുക്കേണ്ടതാണ്. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും "കുടിവെള്ളം" എന്ന് എഴുതി പ്രദർശിപ്പിക്കണം എന്നും എഫ്.ബി.ഒ ലൈസൻസ് നം. രേഖപ്പെടുത്തണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇത്തരം വാഹനങ്ങളിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ രേഖകൾ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഇവയേക്കുറിച്ചുള്ള രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.

5/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-24 എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ

പ്രോജക്ട് നം. 208/20-21 – എസ്.എസ്.എ വിഹിതം നൽകൽ

അടങ്കൽ : 6,00,000/- (വികസന ഫണ്ട്)

ചെലവ് : 6,00,000/- (BRN-20170652008301011819/29.01.2021)

നിർവ്വഹണം : ഹെഡ് മിസ്ട്രസ്

മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ എസ്.എസ്.എ പദ്ധതിയുടെ തുടർ നിരീക്ഷണം തീർത്തും പരാജയപ്പെട്ട അവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ നൽകിയ 2020-21 വർഷത്തെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിലെ എൽ. പി, യു. പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ സൗജന്യ പുസ്തക വിതരണം, ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറോളജി, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP), അദ്ധ്യാപക പരിശീലനം, സ്വയരക്ഷാ പരിശീലനം, ഇൻക്ലൂസീവ് എജ്യൂക്കേഷൻ, പദ്ധതി മോണിട്ടറിംഗ് എന്നീ വിഭാഗങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിൻെറ അധീനതയിലുള്ള വിവിധ എൽ. പി, യു. പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും യാതൊരു വിധ തുടർ നിരീക്ഷണവും അധികൃതരുടെ ഭാഗത്തു നിന്നും നാളിതുവരെയും ഉണ്ടായിട്ടില്ല. എല്ലാ വർഷവും വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനായി ഇപ്രകാരം ഭീമമായ തുക ചെലവഴിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലക്ക് എത്രത്തോളം പ്രയോജനം സിദ്ധിച്ചുവെന്നത് വിലയിരുത്തുകയോ നിരീക്ഷണത്തിനു വിധേയമാക്കുകയോ ചെയ്തിട്ടില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ പാളിച്ചയാണ്.

ഗ്രാമപഞ്ചായത്തിലെ എത്ര എൽ. പി, യു. പി സ്കൂളുകൾക്ക് മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ സൗകര്യങ്ങൾ എത്രത്തോളം പ്രായോഗികമായി നടപ്പാക്കി എന്നത് സംബന്ധിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു അവലോകനം നടത്തേണ്ടതും അതിലൂടെ ഫണ്ട് വിനിയോഗം ശരിയായി നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 3/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 269/20-21 – തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ : 7,16,000/- (ധനകാര്യ കമ്മീഷൻ അവാർഡ്), 2,34,000/- (തനത് ഫണ്ട്)

ചെലവ് : 7,16,000/- (BRN-20170652007500704453/25.05.2020)

2,34,000/- (ചെക്ക് നം. 2534165/17.07.2020)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി എൽ.ഇ.ഡി വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 1/26.11.2019 പ്രകാരം കേരള ഇലക്ട്രിക്കൽ അലീഡ് എഞ്ചിനീയറിംഗ് കമ്പനിയെ വിതരണക്കാരായി തെരഞ്ഞെടുത്തതിന്റെ പശ്ചാത്തലത്തിൽ സപ്ലൈ

ഓർഡർ നം. എ2/5768/19, തീയതി 12.11.2019 പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യാൻ ആവശ്യപ്പെട്ടു. തുടർന്ന് 26.11.2019 - ന് ടി കമ്പനിയുമായി കരാർ ചമച്ചിട്ടുണ്ട്.

ഇൻവോയിസ് നം. 0586/31.12.2019 പ്രകാരം 250 എണ്ണം 24W LED Automatic ലൈറ്റുകൾ ഡെലിവറി ചെയ്തിട്ടുണ്ടെന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് തീയതി 28.01.2020 പ്രകാരം ലൈറ്റുകൾ, പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :

1. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കേരള ഇലക്ട്രിക്കൽ അലീഡ് എഞ്ചിനീയറിംഗ് കമ്പനിയുമായി ചമച്ച കരാർ നിയമാനുസൃതമല്ല. പ്രസ്തുത ഉടമ്പടി, കരാർ രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകിയിട്ടില്ല.

2. മേൽ ഇൻവോയിസ് പ്രകാരം കമ്പനി ലഭ്യമാക്കിയ ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. വിളക്കുകൾ എവിടെയെല്ലാം സ്ഥാപിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മാറ്റിയ പഴയ ലൈറ്റുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല.

5. പദ്ധതി നടത്തിപ്പിലൂടെ ലൈറ്റുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി അനുമതിയോടെയാണോ, ആയതിന് കെ.എസ്.ഇ.ബിക്ക് സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

6. കമ്പനിയുമായി ചമച്ച കരാർ പ്രകാരം ഇൻസ്റ്റലേഷൻ തീയതി മുതൽ, സ്റ്റ്രീറ്റ് ലൈറ്റുകൾക്ക് 36 മാസമാണ് വാറന്റി ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ പരാതി/പരിപാലന രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആയതിനാൽ കേടായ ലൈറ്റുകളുടെ വിവരം പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം വിതരണ കമ്പനിയെ അറിയിച്ചിട്ടുണ്ടോ, ആയവ പരിഹരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ വ്യക്തമല്ല.

7. പദ്ധതി നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും പൊതുമരാമത്ത് (വൈദ്യുതി/ഊർജ്ജം) വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ ടി വർക്കിംഗ് ഗ്രൂപ്പിന്റെ ഇടപെടൽ പദ്ധതി നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ഉണ്ടായതായി കാണുന്നില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-26 ഗാർഹിക മാലിന്യ സംസ്കരണം - ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 21/20-21 - ക്ലീൻ തിരുവമ്പാടി - ഗാർഹിക മാലിന്യ സംസ്കരണം
- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

അടങ്കൽ : 10,08,000/- (5,00,000 - ധന. കമ്മീ. അവാർഡ്, 4,000 - തനത് ഫണ്ട്,
5,04,000 - ഗുണഭോക്തൃവിഹിതം)

ചെലവ് : 2,01,600/- (BRN – 20170652008401249173/15.03.2021)

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

തിരുവമ്പാടി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണിത്. IRTC-PU, പാലക്കാട് എന്ന സ്ഥാപനം 0.75 ക്യൂ. മീറ്റർ കപ്പാസിറ്റിയുള്ള

ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് ഒന്നിന് 12,000/- രൂപ നിരക്കിൽ സപ്ലൈ ചെയ്യാൻ സന്നദ്ധത അറിയിക്കുകയും ആയതിൻ പ്രകാരം 50% പദ്ധതി വിഹിതവും 50% ഗുണഭോക്തൃവിഹിതവും ചേർത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി കമ്പനിയുടെ രശീതി നം. 2265/19.03.2021 പ്രകാരം മൊത്തം അടങ്കലിന്റെ 20% തുകയായ 2,01,600/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലാ ശുചിത്വ മിഷന്റെ ഡി.എസ്സ്.എം/കെ.കെ.ഡി/ടി.എസ് 147/1/2021, തീയതി 25.01.2021 പ്രകാരം പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

IRTC യുടെ കത്ത് നം. IRTC-PIU/145/418/20, തീയതി 28.08.2021 പ്രകാരം ആകെ 23 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് വിതരണം പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സപ്ലൈ ഓർഡർ എന്നിവ ഫയലിൽ ലഭ്യമല്ല.

2. വിതരണ കമ്പനിയുമായി പഞ്ചായത്ത് നിയമാനുസൃതമായ കരാർ ചമച്ചിട്ടില്ല. ഉടമ്പടി, കരാർ രജിസ്റ്ററിൽ ചേർത്ത് നമ്പർ ഇടുകയോ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരാറിൽ സാക്ഷികൾ ഒപ്പിട്ടിട്ടില്ല.

3. കരാർ ഉടമ്പടിയിലെ വ്യവസ്ഥ 3 പ്രകാരം പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് IRTC-PIU, ബയോഗ്യാസ് പ്ലാന്റുകൾ ഇറക്കി വയ്ക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ ഇറക്കിയതിന്റെ ഡെലിവറി വിവരങ്ങൾ, ആയവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

4. കരാർ ഉടമ്പടിയിലെ വ്യവസ്ഥ 8 പ്രകാരം, 20.09.2012 - ലെ GO(Ms)No. 239/2012/LSGD - ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്ലാന്റ് സ്ഥാപിച്ചതിന് ശേഷം ഒരു വർഷത്തേയ്ക്കുള്ള തുടർ സേവനം IRTC-PIU നൽകുന്നതായിരിക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ തുടർ സേവനങ്ങളെക്കുറിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/29.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-27 സ്നേഹസ്പർശം പദ്ധതി - ചെലവ് വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം. 3/20-21 - സ്നേഹസ്പർശം പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ : 3,00,000/- (തനത് ഫണ്ട്)

ചെലവ് : 3,00,000/- (ചെക്ക് നം. 5783223/11.11.2020)

നിർവ്വഹണം : സെക്രട്ടറി

നിർദ്ധനരായ വൃക്ക രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സക്ക് സഹായം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പദ്ധതി. പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു :

1. തുക ചെലവഴിച്ചതിന് ചെലവനുവാദം, തുക പിൻവലിക്കുന്നതിന് തയ്യാറാക്കിയ ബില്ല് എന്നിവ ഫയലിൽ ലഭ്യമല്ല.

2. വിഹിതം കൈമാറിയതിന്റെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/28.06.2022 – ന് മറുപടി

സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

### 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 206/20-21 - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ

അടങ്കൽ : 2,28,950/- (വികസന ഫണ്ട്)

ചെലവ് : 2,53,320/- (ബിൽ നം. 8/26.02.2021)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

എസ്. സി വിഭാഗത്തിൽ പെടുന്ന 8 വിദ്യാർത്ഥികൾക്ക് പഠന സൗകര്യാർത്ഥം ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തതിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു:

1. ഇൻവോയിസ് നം. TVM/ITBG/P1/RC/21533/20-21, തീയതി 22.02.2021 പ്രകാരം പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലാപ് ടോപ്പുകൾ വിതരണം ചെയ്തതിട്ടുണ്ട്. വിതരണം ചെയ്ത ലാപ് ടോപ്പുകൾ മീഡിയം എന്റ് വിൻഡോസ് 10 ഹോം പ്രോസസ്സർ, ഇൻറ്റൽ കോർ I3 7020 U പ്രോസസ്സർ, 4 GB RAM, 500 GB ഹാർഡ് ഡിസ്ക് എന്നീ സ്പെസിഫിക്കേഷനോടു കൂടിയവയാണെന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ളവയാണ് വിതരണം ചെയ്തതിരിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ ഈ വിഷയത്തിൽ പ്രാവീണ്യമുള്ള പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ലോപ് ടോപ്പുകൾ സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിരിക്കുന്നത്.

4. വാങ്ങലുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

5. കെൽട്രോണുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/28.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മാവാതുങ്കൽ അംഗൻവാടി ഭൗതിക സാഹചര്യം വർധിപ്പിക്കൽ, പ്രോ. നം. 171/21

അടങ്കൽ : 6,50,000/- സംരക്ഷണഗ്രാന്റ് - റോഡിതരം

ചെലവ് : 6,36,582/-

മുൻവർഷത്തിൽ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ച മേൽ അംഗൻവാടിയുടെ ബാക്കി നിർമ്മാണ പ്രവൃത്തികൾക്കായാണ് ഈ പ്രോജക്റ്റ്. 2019-20 വർഷത്തിൽ രൂപീകരിച്ച പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ (3,01,607/- ബിൽ നം. 23/20-21/22.5.20) അതേ വർഷത്തിൽ നൽകുകയും തുടർ വർഷത്തിൽ രണ്ടാമത്തേയും (ഫൈനൽ ബില്ലും) നൽകുകയുണ്ടായി (ബിൽ നം. 76/20-21/24.12.20- 2,30,394/-, ബിൽ നം. 6/20-21/26.7.21-104581/-). ഓഡിറ്റിന്റെ ഭാഗമായി ഈ അംഗൻവാടി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിക്കുകയുണ്ടായി. ഈ സമയം അംഗൻവാടിയുടെ പെയിന്റിംഗ് പ്രവൃത്തി നടന്നിട്ടില്ലെന്ന് കണ്ടു. പ്രൈമർ മാത്രം അടിച്ച അവസ്ഥയിലാണ് കെട്ടിടമുള്ളത്. എന്നാൽ അളവു പുസ്തക പ്രകാരം 267.84 $M^2$ വിസ്തീർണ്ണത്തിൽ പ്രൈമർ അടിച്ച ശേഷം അതേ വിസ്തീർണ്ണത്തിൽ അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റ് അടിച്ചതായിട്ടാണ് രേഖപ്പെടുത്തിയത് (മെഷർമെന്റ് തിയ്യതി 21.2.2020, 11.5.2020). ഇതിനായി 125രൂപ/$m^2$നിരക്കിൽ 33,480/- രൂപ കരാറുകാരന് രണ്ടാമത്തെ പാർട്ട് ബിൽ പ്രകാരം നൽകി. ചെയ്യാത്ത പ്രവൃത്തിയ്ക്ക് നൽകിയ മേൽ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. യഥാർത്ഥത്തിൽ നടപ്പാക്കാത്ത പ്രവൃത്തി ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും ഈ തുക തെറ്റായി അളവു രേഖപ്പെടുത്തിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

## 3-2 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 109/21 ൽ (പി. എച്ച്. സി. അടിസ്ഥാന സൗകര്യം വർധിപ്പിക്കലും സബ് സെന്ററുകളുടെ നവീകരണവും) പഴയ ചുമരിന്റെ സംരക്ഷണ പ്രവൃത്തിയ്ക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള പെയിന്റിംഗ് ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 19 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ 13.60.1 ആണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. ഈ പ്രോജക്ടിൽ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14 ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. അളവു പുസ്തകം 13 ലെ പേജ് 19, 20 എന്നിവ പ്രകാരം 193.26 M2 വിസ്തീർണ്ണത്തിൽ പഴയ ചുമരിന്റെ പെയിന്റിംഗ് ഇപ്രകാരം നടന്നിട്ടുണ്ട്. ഐറ്റം 14.53.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈയിനത്തിലെ ചെലവ് 7396/- രൂപ മാത്രമാകുമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ കരാറുകാരന് 110.68/- രൂപ നിരക്കിൽ 21390/- രൂപ ഈയിനത്തിൽ നൽകി. ഇക്കാരണത്താൽ ഈ പ്രവൃത്തിയിൽ 13,994/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിക്കായുള്ള ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഈയിനത്തിലുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ, തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ നിർവ്വഹണോദ്യാഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/ പേര് | ഏറ്റെടുത്ത അടങ്കൽ തുക/ കരാറുകാരൻ | കരാർ നം./ തിയ്യതിയും സൈറ്റ് കൈമാറിയ തിയ്യതിയും | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി ആരംഭിച്ച തിയ്യതി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @3% |
|---|---|---|---|---|---|---|
| അത്തിപ്പാറ അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 128/21 | 180000/- ഷിജിൽ എം.യു. | 5/18-19. 10.7.18 | 10 മാസം | 7.12.19 | 10.1.20 | 5,400 |
| വഴിക്കടവ് അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 127/21 | 193400/- ഷിജിൽ എം.യു. | 6/18-19 /10.7.18 | 1 വർഷം | 6.11.19 | 13.1.20 | 5,802 |
| പുന്നയ്ക്കൽ അംഗൻവാടി കെട്ടിട നിർമ്മാണം, 129/21 | 745651.72/- സീനോ ജോസഫ് | 47/18-19 /29.8.18 | 9 മാസം | 23.11.18 | 10.1.20 | 22,370 |
| ആനക്കാംപൊയിൽ അംഗൻവാടി അറ്റകുറ്റപണി, 126/21 | 130000/- ജഗീഷ് കുമാർ | 43/18-19 /17.8.18 | 10 മാസം | 6.11.19 | 7.1.20 | 3,900 |
| ആകെ | | | | | | 37,472/- |

മുൻവർഷത്തിൽ നിന്ന് സ്പിൽ ഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ എ. ഇ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ

തവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനം പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ചില പ്രവൃത്തികൾ ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീട്ടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി. ഡബ്ല്യ. ഡി. മാന്വവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരിൽ നിന്നും 37,472/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും കരാറുകാരിൽ നിന്ന് പിഴ തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 21-06-2022, 25-06-2022 | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2020-21 | 150000 | മഴ മറ | 150000 | 0 |
| | 2020-21 | 150000 | ഹരിത കേരളം | 150000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 69890 | ലൈഫ് ഭവന പദ്ധതി – ഭൂമി വാങ്ങൽ (എസ്. സി) | 69890 | 0 |
| | 2018-19 | 900000 | ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് മെഷീനറി വാങ്ങൽ | 389760 | 510240 |
| | 2020-21 | 312000 | ലൈഫ് ഭവന പദ്ധതി (എസ്. | 312000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സി) | | |
| | 2020-21 | 321000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 321000 | 0 |
| | | 1296000 | മിൽക്ക് സബ്സിഡി | 1296000 | 0 |
| | | 400000 | മിൽക്ക് സബ്സിഡി (വനിത) | 400000 | 0 |
| | | 100000 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 718750 | മിൽക്ക് സബ്സിഡി | 718750 | 0 |
| | | 105000 | ക്ഷീരഗ്രാമം വനിത | 105000 | |
| | | 2059000 | മിൽക്ക് സബ്സിഡി (വനിത) | 2059000 | 0 |
| | | 804954 | ക്ഷീര സംഘങ്ങളിലെ പാലിന് സബ്സിഡി | 804954 | |
| | | 22000 | നെൽ കൃഷി കൂലി ചെലവ് | 22000 | 0 |
| | | 20000 | സുഫലം - വിഷ രഹിത ഫലം | 20000 | |
| | | 18000 | പച്ചക്കറി കൃഷി പ്രോത്സാഹനം | 18000 | 0 |
| | | 150000 | മുട്ട ഗ്രാമം (വനിത) | 150000 | 0 |
| | | 473900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 473900 | 0 |
| | | 345000 | ക്ഷീര ഗ്രാമം (വനിത) | 345000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ.(എം. എസ്.)/ 68/2018 /18-05-2018 | 4730948 | 995450 | 0 | 3735498 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 63,945/- രൂപ വരവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-3 | 5415 | ശ്രീ. ഇ. മുഹമ്മദ്, ഹെഡ്മാസ്റ്റർ | 120070100725 തീയതി 01/07/2020 |
| 2018-19 | 3-1 | 18210 | ശ്രീ. പി. പ്രദീപ് കുമാർ, അസി. എൻജിനീയർ | 120070101308 തീയതി 17/08/2020 |
| 2018-19 | 3-4 | 10020 | ശ്രീ. പി. പ്രദീപ് കുമാർ, അസി. എൻജിനീയർ | 120070101309 തീയതി 17/08/2020 |
| 2018-19 | 3-4 | 3300 | ശ്രീ. പി. പ്രദീപ് കുമാർ, അസി. എൻജിനീയർ | 120070101310 തീയതി 18/08/2020 |
| 2018-19 | 3-2 | 27000 | ശ്രീമതി. പത്മാവതി, ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 120070100120 തീയതി 25/05/2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽ രഹിത വേതനം – അപേക്ഷകൾ തീർപ്പാക്കിയില്ല | ഒഴിവാക്കാൻ ശുപാർശ |
| 2002-03 | 3-2 | 2005-06 | 2.70.1.4.3 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | ഓഡിറ്റ് പരിശോധിച്ച് തടസ്സം തീർക്കാൻ ശുപാർശ |
| 2002-03 | 3-25 | 2005-06 | 2.70.1.3.2 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയം | ഒഴിവാക്കാൻ ശുപാർശ |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.2 | ക്ഷീരവികസന മേഖല – ചെലവ് തൃപ്തികരമല്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.3 | പദ്ധതി നടത്തിപ്പിൽ മൃഗസംരക്ഷണ കർമ്മ സമിതി രൂപീകരിച്ചിട്ടില്ല | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.6 | " " | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.8 | തൊഴുത്ത് നിർമ്മാണം – തുക ചെലവഴിച്ചില്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാകുന്നതിൽ കാലതാമസം | |
| | | 2015-16 (പ്ര.ക്ഷ.റി.) | 4.2.2 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം -4 | തൊഴിൽ നികുതി – അപാകതകൾ | |
| 2015-16 | 3-17 | 2016-17 | 4.2.1 | പുറമ്പോക്കുകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി – അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.5 | വസ്തു നികുതിയിൽ നഷ്ടം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്** (ഖണ്ഡിക 1-3 കാണുക) | 102081779 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്** (ഖണ്ഡിക 1-3 കാണുക) | 97440689 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84946 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 154632 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 33480 | ശ്രീമതി. രമ്യ എൻ. കെ, അസി. എഞ്ചിനീയർ |
| 3-2 | | 13994 | ശ്രീ. അഷ്റഫ് കല്ലടയിൽ, അസി. എഞ്ചിനീയർ |
| 3-3 | | 37472 | ശ്രീമതി. രമ്യ എൻ. കെ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 154632 | ശ്രീ. ഗിരീഷ് എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ് എം, സെക്രട്ടറി | സെക്രട്ടറി, ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് | മേലേടത്ത് വീട്, കിനാലൂർ, ബാലുശ്ശേരി. |
| ശ്രീമതി. രമ്യ എൻ. കെ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് | നെല്ലിക്കോട്ട് കണ്ടി ഹൗസ്, നരിക്കുനി പി. ഒ, കോഴിക്കോട്. |
| ശ്രീ. അഷ്റഫ് കല്ലടയിൽ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് | കല്ലടയിൽ വീട്, കക്കാട്, കോഴിക്കോട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89<br>1989-90 | കെ.എസ്.എ.കെ.കെ.ഡി. പി1/837/2018/05.05.18 | 1 | 17 |
| 1990-91<br>1991-92 | കെ.എസ്.എ.കെ.കെ.ഡി. പി1 837/201/05.05.18 | 1 | 5 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 4 | 33,40,50,51 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/05.05.18 | 1 | 13(b) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/05.05.18 | 2 | 30,35(2) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 8 | 2-1, 3-1,3-2, 3-13, 3-14, 3-18, 3-20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 3 | 3-1,4-3, 4-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-3 |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-12 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 10 | 2-6, 2-8, 2-9, 3-4,3-9, 3-12, 3-13, 3-14,3-15, 3-16 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 15 | 2-3(4), 2-13, 3-4, 3-8, 3-9, 3-10, 3-12,3-13, 3-14, 3-16,3-17, 3-25, 3-26, 3-30, 3-34 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 7 | 3-2,3-3, 3-5, 3-7,3-10, 3-11, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 4 | 3-1,3-2,3-3, 3-4 |
| 2010-11 | കെ.എസ്.എ കെ.കെ.ഡി.പി2/960/ 19/07-12-2020 | 3 | 2-4(2), 3-1, 3-6, |
| 2011-12 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/03-12-2020 | 1 | 2-2, |
| 2012-13<br>2013-14 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/30-11-2020 | 11 | 2-2, 3-1, 3-5, 3-8, 3-12, 3-13, 3-14,3-15, 3-17, 3-20, 3-30 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/1772/ 2016/23.04.2018 | 11 | 2-1,2-2(2), 3-1, 3-2(1),3-5, 3-6, 3-7(1),(3), 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/549/ 2017/25.04.2018 | 16 | 2-1, 2-2, 2-5(1), 2-6(1), 3-4, (2),(3),(5), 3-5,3-8, 3-12, 3-13(2),(3),(4), (5), 3-17, 3-19 |
| 2016-17 | കെ.എസ്.എ കെ.കെ.ഡി. പി2/1583/ 21/07-12-2021 | 22 | 2-1(1), (3),(5), (6),(7), 2-2, 2-4(1), 2-5(1), (2), 2-6,3-1, 3-2(1), (2),3-3, 3-7, 3-11,3-13, 3-15, 3-21,3-24, 3-26, 4-9 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ .കെ.കെ.ഡി. പി1/100/19/ 9.5.2019 | 20 | 1-10, 1-12, 2-1, 2-3,2-4(1),2-6 , 2-6(i),3-4, 3-6, 3-7, 3-8,3-9, 3-10, 3-12, 3-13, 3-14, 3-16, 3-17, 3-19, 3-20 |
| 2018-19 | കെ.എസ്.എ കെ.കെ.ഡി. പി2/336/ 20/23-04-2020 | 31 | 1-5 മുതൽ 1-35 വരെ |
| 2019-20 | കെ.എസ്.എ കെ.കെ.ഡി. പി2/32/ 2022/22-01-2022 | 24 | 1-1 മുതൽ 1-24 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്